## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2102 10.10.2011 -ൽ മറുപടിക്ക്

### പാരമ്പര്യ വൈദ്യൻമാർക്ക് സഹായം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | കേരളത്തിൽ ആയുർവേദം, യുനാനി, സിദ്ധം, മർമ്മം, വിഷം, ഒറ്റമൂലി തുടങ്ങിയ പാരമ്പര്യവൈദ്യ ചികിത്സയെ ആശ്രയിച്ചുകഴിയുന്ന വൈദ്യകുടുംബങ്ങൾ എത്രയുണ്ടെന്നുള്ള കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | കണക്കെടുപ്പ് നടത്തിയിട്ടില്ല. കണക്കെടുപ്പ് നടത്തേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | സർക്കാർ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പഠിച്ചിട്ടില്ല എന്ന കാരണത്താൽ അംഗീകാരം ലഭിക്കാത്ത വർഷങ്ങളോളം ഈ രംഗത്ത് . പ്രവൃത്തിപരിചയമുള്ള പാരമ്പര്യ വൈദ്യൻമാരെ അംഗീകരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; | (ബി) | മലബാർ മേഖലയിലെ (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ) പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവ് നൽകി 21.02.11 ലെ സ.ഉ.(എം.എസ്) നം.114/11/ ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് നിലവിൽ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കേരള സംസ്ഥാന പാരമ്പര്യ വൈദ്യ കൗൺസിൽ രൂപീകരിച്ച് പാരമ്പര്യ വൈദ്യൻമാർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | 1953- ലെ തിരുവിതാംകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് കാലോചിതമായി പരിഷ്ക്കരിച്ച് കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അവതരിപ്പിക്കുന്നതിനും, അതിൽ പാരമ്പര്യ വൈദ്യൻമാർക്ക് ഔഷധം നിർമ്മിക്കുന്നതിനും പ്രാക്ടീസ് നടത്തുന്നതിനും അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പാരമ്പര്യ വൈദ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുംവിധം കേരള പാരമ്പര്യ വൈദ്യ ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഇ) | ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ